(9) ട്രാൻസ്പോർട്ട് തൊഴിലാളി സമരം ഒഴിവാക്കൽ

ശ്രീ. ടി. എസ്. ജോൺ : സർ, ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ ചില തൊഴിലാളി യൂണിയനുകളും ചില ഡിമാൻറുകളും മുമ്പോട്ടു വച്ചുകൊണ്ട് സമരത്തിലേക്ക് നീങ്ങുകയാണ്. ഈ ഡിമാൻറുകളും ചർച്ചചെയ്തു പരിഹരിക്കാവുന്നവ മാത്രമേയുള്ളു. പ്രധാനമായിട്ടുള്ളത് മൂന്നു വർഷം കഴിഞ്ഞു, ലോംഗ്ടേം എഗ്രിമെൻറ് കഴിഞ്ഞിട്ട്. അതൊക്കെ ചർച്ചചെയ്തു ഒരു ദീർഘകാല കരാർ ഉണ്ടാക്കണം. മറെറാന്ന് മുൻകാലഘട്ടത്തിൽ ഉണ്ടായിട്ടുള്ള കരാറുകളും ആർബിട്രേഷൻ അവാർഡുകളും ക്യാൻസൽ ചെയ്യുന്നതിന് മാനേജ്മെൻറ് ഏകപക്ഷീയമായി എടുത്തിട്ടുള്ള തീരുമാനം പിൻവലിക്കണം. പത്തും ഇരുപതും ഷെഡ്യൂളുകളും കഴിഞ്ഞ രണ്ടുമാസത്തിനകം ക്യാൻസൽ ചെയ്തിട്ടുണ്ട്. അത് പുനഃസ്ഥാപിക്കണം. അതുപോലെതന്നെ തത്വദീക്ഷയില്ലാത്ത സ്ഥലം മാറ്റം നിർത്തണം. തൊഴിലാളികൾക്ക് മാത്രമല്ല ഇപ്പോൾ സ്ഥലംമാറ്റം. ട്രാൻസ്പോർട്ട് ബസ്സുകൾക്കും സ്ഥലംമാറ്റം നടക്കുന്നുയെന്നുള്ളതാണ് സത്യം. തിരുവല്ലാ ഡിപ്പോയിൽ നിന്നു തന്നെ ഇപ്പോൾ 15 ബസുകൾ സ്ഥലം മാറ്റിയിട്ടുണ്ട്. ഈ നടപടി ഒന്ന് ചർച്ചചെയ്ത് പിൻവലിക്കണം. 12-ാം തീയതി ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ തൊഴിലാളികൾ സമരത്തിന് നോട്ടീസ് നൽകിയിട്ടുണ്ട്. ഇതൊഴിവാക്കാൻ ചർച്ചചെയ്ത് പരിഹരിക്കണമെന്ന് മാത്രം ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) : സർ, ഇതിനെ സംബന്ധിച്ച് ഇതിനു മുമ്പും ഈ സഭയിൽ മറുപടി പറഞ്ഞിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച കാര്യം ഗവൺമെൻറിന് തൽക്കാലം സ്വീകരിക്കാൻ നിവൃത്തിയില്ലാതിരിക്കുകയാണ്. അദ്ദേഹം പറഞ്ഞ ഒന്നു രണ്ടു കാര്യങ്ങളും ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. മുൻ കാലങ്ങളിലെപ്പോലെയുള്ള ട്രാൻസ്ഫറുകൾ ഉണ്ടാകുമെന്ന് നിങ്ങൾ പ്രതീക്ഷിക്കുകയേ വേണ്ട. മറെറാന്ന് ട്രാൻസ്പോർട്ട് ബസുകൾ മനഃപൂർവ്വം പിൻവലിച്ചു എന്നാണ് അദ്ദേഹം ഇവിടെ പറഞ്ഞത്. അത് മനഃപൂർവ്വമല്ല. ദേശസാൽക്കരിക്കപ്പെടാത്ത പ്രദേശങ്ങളിൽ നഷ്ടത്തിലോടിക്കൊണ്ടിരിക്കുന്ന ബസുകൾ താൽക്കാലികമായി നിർത്തലാക്കിയെന്ന് ഈ സഭയിൽ ഞാൻ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞതാണ്. 12-ാം തീയതി മുതൽ സമരം നടത്തുമെന്നുള്ള നോട്ടീസ് കിട്ടിയിട്ടുണ്ട്. കെ. എസ്. ആർ. ടി. സി. യെ സംബന്ധിച്ചിടത്തോളം ഉല്പാദനക്ഷമതയും ചെലവുകളും തുലനപ്പെടുത്തിക്കൊണ്ട് മുമ്പോട്ട് പോയില്ലെങ്കിൽ ലിക്വിഡേഷനിലെത്തുമെന്നുള്ള കാര്യം ഞാൻ സഭയെ അറിയിക്കുകയാണ്. ഗവൺമെൻറ് ഇതെല്ലാം പഠിച്ച് മനസ്സിലാക്കിയതിനുശേഷം തൊഴിലാളികളെയാതൊരു തരത്തിലും ദ്രോഹിക്കാത്തരീതിയിലുള്ള നടപടികളാണ് എടുത്തിട്ടുള്ളത്. ഗവൺമെൻറിന് അതിൽ ഉറച്ച് നില്ക്കാതിരിക്കാൻ നിവൃത്തിയില്ല.

(10) പത്തനംതിട്ട ജില്ലയിലെ എൽ. ഡി. ക്ലാർക്കുമാരുടെ നിയമന ലിസ്റ്റ്

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള : പി. എസ്. സി. എൽ. ഡി. ക്ലാർക്കുമാരുടെ അപേക്ഷ ക്ഷണിച്ചപ്പോൾ പത്തനംതിട്ട ജില്ല രൂപീകരിച്ചിട്ടില്ല. ഇന്നത്തെ പത്തനംതിട്ട ജില്ല കൊല്ലംജില്ലയുടെ ഭാഗമായിരുന്നു. അതുകൊണ്ട് അന്ന് അപേക്ഷകളെല്ലാം അയച്ചത് കൊല്ലം ജില്ലയുടെ മേൽവിലാസത്തിലായിരുന്നു. ടെസ്റ്റ് നടത്തുന്നതിന് മുമ്പുതന്നെ പത്തനംതിട്ട ജില്ല രൂപീകൃതമാവുകയും കൊല്ലം ജില്ലയിൽ നിന്ന് വേർപെടുകയും ചെയ്തിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly